# ആത്മവിശ്വാസ കച്ചവടക്കാർ

■ സന്തോഷ് ജെ.കെ.വി



എല്ലാവരും അക്ഷമയോടെ ആ ആത്മവിശ്വാസ കച്ചവടക്കാരനെ കാത്തിരിക്കുകയാണ്. മീശ കേശ ഭൂഷാദികളുള്ള ഒരാളായിരുന്നു ഭാവനയിൽ. പ്രതീക്ഷയ്ക്കു വീപരീതമായി അനുബന്ധങ്ങളോ പരിശിഷ്ടങ്ങളോ ഇല്ലാത്ത ഒരു പച്ച മനുഷ്യൻ. ചുണ്ടിൽ എഴുതി പറ്റിച്ച ചിരിയുമായി വരുന്നു. പ്രസന്നമായ പരിചയം ഭാവിക്കലോടെ വൈകിയതിനു മാപ്പു പറയുന്നു.

ആ ഉന്തിയ പല്ലുകൾക്കിടയിലൂടെ വാക്കുകൾ വിക്ഷേപണസജ്ജമാകുന്നത് കണ്ടു. ആത്മവിശ്വാസ വാഹിനികളായ അവ അസ്ത്രം പോലെ ശ്രോതാക്കളുടെ ഉള്ളിലെ പൊള്ളകളിൽ ആത്മവിശ്വാസ കാറ്റായി നിറയുന്നു. ശബ്ദം കേട്ടു തുടങ്ങുന്നു. എന്റെ ഉള്ളിടുക്കുകളിലും ആ തരത്തിൽ ഒരു വീർക്കൽ തൊട്ടറിയാൻ കഴിയുന്നു.

**കഥയ്ക്കു മുൻപ്**

അയാൾ കാര്യംവിട്ടു കഥയിലേക്കു കടക്കുന്നത് ഒരു മുരടനക്കത്തോടെയാണ്. ഒരു ഭിഷഗ്വരൻ സാഹിത്യകാരനാകാൻ മോഹിക്കുന്ന കഥയാണ് ചുണ്ടിളക്കത്തിലൂടെ പുറത്തേയ്ക്കു വരുന്നത്.

ആപ്രോൺ ധരിച്ച എ.ജെ. ക്രോണിൻ എന്ന സുമുഖനായ ഭിഷഗ്വരൻ സ്റ്റെത്തും പിടിച്ച് ആശുപത്രിയിൽ നിൽക്കുന്ന ചിത്രം ഞങ്ങളുടെയെല്ലാം ഹൃദയങ്ങളിൽ പതിഞ്ഞു. ശേഷിക്കുന്ന കഥയുടെ വരുംവരായ്കയെ കാത്തിരിക്കുകയാണ്. ഞാനുൾപ്പെടെയുള്ള ശ്രോതാക്കൾ. ശ്രവണസുഖമുള്ള തൃശ്ശൂർ ഭാഷയിൽ അയാൾ കഥയുടെ തുടക്കത്തിലേയ്ക്കു കടക്കുന്നു.

**കഥയുടെ ഒന്നാം ഭാഗം**

അത്യാഹിത വിഭാഗം അവിടെ ഇമകളില്ലാത്ത മീൻകണ്ണുകൾ കെടാതെ കത്തിനിൽക്കുന്നു. ഉറക്കച്ചടവുള്ള കണ്ണുകൾ ഡോ. ക്രോണിൻ ഒരു നിമിഷനേരത്തേയ്ക്കു കൂട്ടിയടച്ചു.

എണ്ണമില്ലാത്തത്ര രോഗങ്ങൾ പുതുമഴയിൽ മുളച്ചു പൊങ്ങിയിരിക്കുന്നു. പരിധികളില്ലാതെ തഴയ്ക്കുന്ന രോഗങ്ങളെ പെറുക്കിക്കൂട്ടി കിടക്കുന്ന ശരീരമഞ്ചങ്ങൾ. വെളുത്ത മറശ്ശീല

യ്ക്കുള്ളിൽ പ്രൗഢിയോടെ ഉറങ്ങുന്ന ധനികരും മറശ്ശീലയില്ലാത്ത ദരിദ്രരും. രാത്രി അവസാന അദ്ധ്യായം പിന്നിടുമ്പോൾ ക്രോണിൻ രണ്ടുവട്ടം റൗണ്ട്സ് പൂർത്തിയാക്കി.

ഒരു നൈറ്റ് ഡ്യൂട്ടിയുടെ മുഷിഞ്ഞ ചിത്രങ്ങളുമായി പുലർച്ചെ വീട്ടിലേക്കു നടക്കുമ്പോൾ പേറ്റുനോവുപോലെ സർഗ്ഗാത്മകതയുടെ നൊമ്പരം. ആ ഊർജ്ജം മനസ്സിൽ കിളിത്തട്ടുകളിക്കുന്നു. നക്ഷത്രക്കൂട്ടങ്ങൾ ആകാശത്തിന്റെ പരിവൃത്തിയിൽ നിന്നിറങ്ങുന്ന മാതിരി കഥാപാത്രങ്ങൾ വന്നിറങ്ങുന്നു. കഥയുടെ ചിരിയും കരച്ചിലുമുണ്ട് തിരശ്ശീലയ്ക്കു പിന്നിൽ. ക്ഷീണം. ഉറക്കം കെടുത്തിയ രാത്രിയോട് പക തോന്നി. ഉറക്കമിളപ്പ് ചലനങ്ങൾക്ക് തുരുമ്പു പിടിപ്പിക്കുന്നു കുളികഴിഞ്ഞ് പ്രാതലിനായി തീൻമേശയിലേക്കിരുന്നു. ഭാര്യ ചൂടുള്ള ഓട്സും ടോസ്റ്റും വിളമ്പി. മൊരിഞ്ഞ ബുൾസ്ഐയുടെ മീതെ ഫോർക്ക് കമിഴ്ത്തി വച്ച് കസേര ലേശം കൂടി ചേർത്തിട്ട് ഭാര്യയോടു പറഞ്ഞു: "രണ്ടാഴ്ചത്തെ ലീവെടുത്തു.''

"ലീവോ...?''

''ഉവ്വ്. ലേശം വിശ്രമം വേണം... സ്വല്പം ഏകാന്തവാസവും. കൂടെ സ്വല്പം എഴുത്തും.''

ഭാര്യയുടെ മുഖം കൂർത്തു.

"ഏകാന്തവാസവും എഴുത്തും?''

എടുത്തു ചോദിച്ചു

"എഴുത്ത്... എന്തെഴുത്ത്...''

ക്രോണിൻ ഇമകളനക്കി ലേശം സങ്കോചത്തോടെ പറഞ്ഞു: "സ്വല്പം സാഹിത്യമാ... കഥ... നോവൽ'' ഭാര്യയുടെ നോട്ടം പാരുഷ്യത്തോടടുത്ത് സൗമ്യത ഇല്ലാതെ മേലാസകലം ഇഴയുന്നു. ചുണ്ടുകളിൽ വിരിഞ്ഞ പരിഹാസം നിറഞ്ഞ ചിരിയുടെ വായ്ത്തലയ്ക്കു മൂർച്ചയും കൂടുന്നു.

ക്രോണിൻ ചിറകുകളൊതുക്കി പാളി നോക്കി. ഇരയുടെ മറവിൽ വേട്ടക്കാരൻ ഒളിക്കുന്നതുപോലെ പറഞ്ഞു.

"മുഖ്യമായും വിശ്രമമാ... പിന്നെ... സ്വല്പം വായനയും എഴുത്തും.''

മാതൃകയായ ഡോക്ടർ... ഭർത്താവ്... അച്ഛൻ. അയാളെ പൊടുന്നനവെ സാഹിത്യമെന്ന ഭൂതം ആവേശിച്ചാൽ ഏതൊരു ഭാര്യയിലും അനിവാര്യമായി പ്രത്യക്ഷപ്പെടേണ്ട പ്രതികരണങ്ങളൊക്കെയാണിവയൊക്കെ. അവ ഉണ്ടായേ തീരൂ. ക്രോണിൻ വീണ്ടുമൊരു പാർശ്വവീക്ഷണം നടത്തി. അവരുടെ ആകുലതയെതൊടുന്ന ആകാംക്ഷ നെറ്റിയിലെ വരകളായി തെളിയുന്നു.

ക്രോണിൻ വീണ്ടും ഏകാന്തവിശ്രമം എന്ന ആശയത്തിൽ ഊന്നികാലുറപ്പിച്ചു. സഞ്ചരിക്കേണ്ട ദൂരത്തെക്കുറിച്ച് വർണ്ണിച്ച് ക്ഷീണം ഭാവിച്ചു. ഭാര്യ വീണ്ടും വാദപ്രതിവാദങ്ങൾക്കുള്ള രംഗസംവിധാനങ്ങൾ ഒരുക്കുന്നു. വാട്ടർ സ്കേറ്ററെപ്പോലെ ക്രോണിൻ തെന്നി നടന്നൊഴിഞ്ഞു. ഉറങ്ങിയും ഉണർന്നും രാത്രി കഴിഞ്ഞു. പുലർച്ചെ കലാപക്കൊടി ഉയരും മുൻപ് യാത്രപറച്ചിലിൽ രണ്ടാഴ്ച എന്നത് ഒരാഴ്ചയായി ചുരുക്കി. ഭാര്യയുടെ നെറ്റിയിൽ ചുംബിച്ച് പെട്ടികളെടുത്തു.

പടികളിറങ്ങുമ്പോൾ ഭാരമായ ഓർമ്മകളിറക്കിവച്ചു. സാവധാനം ഒരു സുഖകരമായ കാല്പനിക വിഭ്രാന്തിയിൽ വീണു. വീടും നാടും ബന്ധവും പ്രണയവും മരുന്നും മന്ത്രവും മറന്നു.

ആകാശത്തിന്റെ തുഞ്ചത്ത് തൂക്കിയ നഗരക്കാഴ്ചകളും ആസക്തിരഹിതമായ കൃഷിയിടങ്ങളും കടന്ന് ഏകാന്തതയുടെ സ്വപ്നച്ചിറകിൽ സുഹൃത്തിന്റെ വിജനമായ ഫാം ഹൗസിലെത്തി. കാറ്റിനെ തേടാത്ത ഇലകൾക്കും കാതോർക്കലിലെത്താത്ത കിളിചിലമ്പലിനും മദ്ധ്യേയുള്ള ഫാം ഹൗസ്. അവിടെ ഒറ്റപ്പെടലിന്റെ സൂചിത്തലപ്പിൽ തപസ്സിരുന്നു. തന്നെപ്പോലെ ക്ഷീണിച്ചു കത്തുന്ന ദീപത്തിനരികിൽ ചുരുട്ടിന്റെ പുക ചക്രമദ്ധ്യേ വിരിയുന്ന കഥാപാത്രങ്ങളെ ആഘോഷമായി ഭൂമിയിലേക്കിറക്കി. അവയൊക്കെ മഷിയുടെ പാപമായി കടലാസിന്റെ വെൺമയിലേക്ക് കുടിയേറി. എത്ര എത്ര കഥാപാത്രങ്ങൾ! മനസ്സിന്റെ ചൈതന്യമറിഞ്ഞവരും ശരീരത്തിന്റെ നിസ്സാരത കണ്ടവരും ജീവിതത്തിന്റെ നശ്വരത തൊട്ടറിഞ്ഞവരും. അവരൊക്കെ ആത്മീയമായ മനോഹരസാമ്രാജ്യം സൃഷ്ടിക്കുന്നു. അവരുടെ മുഖചിത്രങ്ങളിൽ കാലം കോറൽ വീഴ്ത്തുന്നു. ഒക്കെ ശുഭം. ക്രോണിന്റെ കണ്ണുകൾ തെളിഞ്ഞു. കായൽ പരപ്പിൽ മുങ്ങിയ സന്ധ്യപോലെ ചുവന്ന ചുണ്ടിൽ ചിരി ഊറി. തന്റെ നശ്വരമായ ഭിഷഗ്വര ജീവിതം സാഹിത്യത്തിലൂടെ അനശ്വരതയെ തൊടുന്നു. മനസ്സ് തിരമ്പലും തിമർക്കലുമായി ഉറക്കം കെടുത്തി. രാത്രിയുടെ സാന്ത്വനം തേടി ഉറങ്ങി.

പുലർച്ചെ കൈയെഴുത്തുപ്രതിയുടെ വായന തുടങ്ങിയത് ചുണ്ടുകൾ ചുരത്തുന്ന ചിരിയുമായാണ്. നിറംപൂണ്ട അക്ഷരക്കൂട്ടങ്ങൾ കണ്ട് മനസ്സിന്റെ തിരയിളക്കി. പെട്ടെന്ന് ശുഭഭദ്രമായ മോഹങ്ങൾ പഴുത്ത ഇലകൾ പോലെ വീണു തുടങ്ങി. കനിവില്ലാത്ത വായനയെ നിരാശ പിൻതുടരുന്നു. കാറ്റിന്റെ ക്ഷതമേറ്റ് അംഗഭംഗം വന്ന വൃക്ഷത്തെപ്പോലെ മരവിച്ചുനിന്നു. ചാവുകടലിന്റെ നിശ്ചലതയായി മനസ്സിന്. നഷ്ടബോധം ക്രൗരംമുറ്റിയ നിലവിളിയോടെ അലക്ഷ്യമായി പറന്നു.

ജനാലയിലൂടെ കയറുന്ന സൂര്യവെളിച്ചം മുറിയുടെ ഭിത്തിയിൽ സ്വന്തം പ്രതിച്ഛായ ഒരു വിചിത്രജീവിയുടെ നിഴലാട്ടമായി മാറിയിരിക്കുന്നു. വല്ലാതെ വികൃതം. വല്ലാതെ വികലം.

ഒന്നാലോചിച്ചു-വരുതികളില്ലാത്ത മോഹങ്ങൾ സാത്താന്റെ പരീക്ഷണമാണ്. ഭിഷഗ്വരൻ രോഗികൾക്കായി ദൈവം സൃഷ്ടിച്ചവൻ. അവനെന്തിന് മറ്റ് അതിമോഹങ്ങൾ. കേൾക്കപ്പെടാത്ത സംഗീതം പോലെ, നിവർത്തിക്കപ്പെടാത്ത കർത്തവ്യം പോലെ... പാലിക്കപ്പെടാത്ത വാഗ്ദാനങ്ങൾ പോലെ... എഴുതപ്പെടാത്ത പുസ്തകങ്ങളുണ്ട് ലോകത്ത്. ഇതും അങ്ങനെയാകട്ടെ. ചിന്തയുടെ മുഖം നീണ്ടുപോവുന്നു. ആലോചനയ്ക്ക് വിരാമമിട്ടു. കൈയെഴുത്തുപ്രതി എടുത്ത് നിരാശയോടെ നെഞ്ചിൽ ചേർത്തുപിടിച്ചു. ആയാസത്തോടെ... ചവറ്റുകുട്ടയിലിട്ടു. ചുണ്ടിൽ ചുരുട്ടു കടിച്ചു പിടിച്ചു. പുകച്ചുരുളുകളുടെ ഏണിയിലൂടെ വീണ്ടും ചിന്തകൾ കയറിവരുന്നു. ഇത്തവണ ഭാര്യയെക്കുറിച്ചാണ്. ചെല്ലുമ്പോൾ അവർ ചോദിക്കും എഴുതിയത് എവിടെയെന്ന്. കഴിഞ്ഞില്ല എന്നു പറയണം. ഹ്രസ്വമായ ഉത്തരങ്ങളിലൂടെ കൂടുതൽ ചോദ്യങ്ങളിൽനിന്ന് ഒഴിയണം.

ഒരു ഭ്രാന്തമായ മഴ താളത്തിൽ ചാറുന്നു. മഞ്ഞ് നേർത്ത പുകമറ സൃഷ്ടിക്കുന്നു. ലോകത്തോടു സംസാരിച്ചിരുന്ന ജാലകത്തിലൂടെ പുറത്തേയ്ക്കു നോക്കി. നോട്ടം ഒരു നീണ്ട ചിറയുടെ അഗ്രഭാഗത്ത് കുനിഞ്ഞുനിന്നു കിളയ്ക്കുന്ന ഒരു മനുഷ്യന്റെ ദൃശ്യത്തിൽ ചെന്നു മുട്ടുന്നു. നേർത്ത മഞ്ഞു മഴയിലൂടെ നനഞ്ഞു നടന്ന് അയാളെ അഭിവാദ്യം ചെയ്തു. എന്തിനാണ് വന്നതെന്ന ചോദ്യത്തിന് ഏകാന്ത വിശ്രമം എന്ന ഉത്തരം നൽകി.

അയാളുടെ നിർത്താത്ത അദ്ധ്വാനം കണ്ട് ഡോ. ക്രോണിൻ ചോദിച്ചു.

എന്തുദ്ദേശിച്ചാണ് ഈ കഠിനാദ്ധ്വാനം. അയാൾ പണി നിർത്താതെ ഉത്തരം പറഞ്ഞു. ഈ ചതുപ്പിന്റെ മദ്ധ്യത്തിൽ ഒരു കനാൽ ആഴത്തിൽ ഒരു തോട്. ചതുപ്പു മുഴുവൻ കൃഷിഭൂമിയായി കിട്ടാൻ. ഒക്കെ കൃഷിയോഗ്യമാക്കണം. കൃഷി ചെയ്ത് പണമുണ്ടാക്കി സുഖമായി ജീവിക്കണം. തലമുറകളായി നീളുന്ന ദാരിദ്ര്യം മടുപ്പിക്കുന്നു.

ക്രോണിൻ ചോദിച്ചു.

"വിജയിക്കുമെന്ന് ഉറപ്പുണ്ടോ?"

"എന്തുറപ്പ്? എന്റെ അപ്പനപ്പൂപ്പൻമാർ ശ്രമിച്ചു പരാജയപ്പെട്ട കാര്യമാണ്. ഞാനും ജീവിതകാലം മുഴുവൻ ശ്രമിക്കും." അയാൾ വെട്ടിയിടത്തോളം ചൂണ്ടിക്കാണിച്ചു കൊണ്ടു പറഞ്ഞു.

"ഇത്രയുമായി. ഇനിയും തുടരും. ഞാൻ വിജയിച്ചില്ലെങ്കിൽ എന്റെ മകൻ തുടരും. അവനെങ്കിലും വിജയിക്കണമെന്നാ. വിജയിക്കും. തീർച്ച."

അയാൾ ഒരു നിമിഷനേരത്തേയ്ക്കു പണി നിർത്തി. ദീർഘമായി ശ്വസിച്ചു കൊണ്ടു പറഞ്ഞു.

"എങ്ങനെയെങ്കിലും മുഴുമിക്കണം. അതുചെയ്യാതെ വിജയപരാജയങ്ങൾ അറിയാൻ മാർഗ്ഗമില്ലല്ലോ." ആ വാക്കുകൾ നെഞ്ചിൽതറച്ച് ഡോ. ക്രോണിൻ നിശ്ശബ്ദനായി മടങ്ങി. ചവറ്റുകൊട്ടയിലെ കൈയെഴുത്തുപ്രതിയെടുത്ത് ചുംബിച്ചു നെഞ്ചോടു ചേർത്തു. ആ സൃഷ്ടി ഒരു ഗർഭകാലം പ്രസാധകരുടെ കാരുണ്യം കാത്തുകിടന്നു. കിളിർക്കാനൊരു കാലം. പൂക്കാൻ ഒരു കാലം!"

പ്രസിദ്ധീകരണം എന്ന പുറത്തെഴുത്തുമായി വന്നെത്തിയ ദിവസത്തിൽ അച്ചടിക്കപ്പെട്ടു. 'ഹാറ്റേഴ്സ്കാസിൽ' എന്ന വിശ്വവിഖ്യാതമായ നോവൽ പിറന്നത് അങ്ങനെയാണ്.

**മദ്ധ്യാഹ്നം**

കഥയുടെ സുഖകരമായ പുളിയും മധുരവും നുണഞ്ഞ് കണ്ണുകൾ ചുരുട്ടി ചുണ്ടുകൾ കോട്ടി കഥയുടെ ശേഷഭാഗം ആ ആത്മവിശ്വാസ കച്ചവടക്കാരൻ വിഴുങ്ങി.

അയാൾ വാക്കുകളിൽ ചുരുക്കിയ ഗുണപാഠം മൂന്നുവട്ടം ആവർത്തിച്ച് മുഷ്ടിചുരുട്ടി എറിഞ്ഞു.

"വാക്കാണ് മനസ്സ്. മനസ്സാണ് ശക്തി. ശക്തിയാണ് ജീവിതം."

ആത്മവിശ്വാസം നിറഞ്ഞ ശ്രോതാക്കളായ ബലൂണുകൾ ആകാശസീമകളിലേക്കു പറന്നു. അയാൾ അതു കണ്ട് പട്ടം പറപ്പിക്കുന്ന കുട്ടിയുടെ മനോവ്യാപാരത്തോടെ കൈകൊട്ടി ചിരിച്ചു. ചിരിയുടെ പാതി ഉന്തിയ പല്ലുകളുടെ ചെക്ക് ഡാമിൽതട്ടി നുരഞ്ഞു പൊങ്ങി.

യുവാക്കൾ ആർജ്ജിച്ച ആത്മവിശ്വാസത്തിന്റെ ശക്തിയിൽ അയാൾക്കു ചുറ്റും നിന്ന് ഗുണപാഠം മുദ്രാവാക്യമായി മുഴക്കി.

അയാൾ കാശും വാങ്ങി കീശയിലിട്ട് കാറിന്റെ ഡോറിലൂടെ കയറി രക്ഷതേടിയാത്രയുടെ തുടക്കത്തിലേക്കു നീങ്ങി.

**കഥ രണ്ടാം ഭാഗം**

കഥയുടെ അയാൾ വിഴുങ്ങിക്കളഞ്ഞ ശേഷിക്കുന്ന ഭാഗം തിരക്കിനടന്നു ഞാൻ. എന്റെ മുന്നിൽ അതു ചിത്രങ്ങളായി തെളിയുന്നത് ഇങ്ങനെയാണ്.

'ഹാറ്റേഴ്സ് കാസിൽ' എന്ന നോവലിന്റെ വിജയം ആഘോഷിക്കാൻ ഒത്തുകൂടുമ്പോഴാണ് പിന്നീട് ക്രോണിനും ആ കർഷകനെ സ്മരിച്ചത്. ആ മറവി അദ്ദേഹത്തെ കുറ്റബോധത്തിന്റെ കയങ്ങളിലേക്കു താഴ്ത്തി. കടവും കടപ്പാടും തൂങ്ങിയ ഹൃദയവുമായി ക്രോണിൻ കർഷകനെ കാണാൻ സമ്മാനപ്പൊതിയുമായി പുറപ്പെട്ടു. ശൈത്യത്തിന്റെ മുഖത്തേയ്ക്ക് മഞ്ഞിൽ പൊതിഞ്ഞ് മഴ പെയ്യുന്നു. ഭ്രാന്തമായ കാറ്റ് അകമ്പടിക്കും. ഞൊട്ടയിട്ടൊടിയുന്ന മരക്കൊമ്പുകൾ ചിറകുവച്ചു പറക്കുന്നു. ഒക്കെ അവഗണിച്ച് ക്രോണിൻ സമ്മാനപ്പൊതിയുമായി നടന്ന് ആ ഇടത്തരം കർഷകഭവനത്തിന്റെ വാതിലിൽ മുട്ടി. കാത്തുനിന്നു. മുഖംചുളിഞ്ഞ വരണ്ട കണ്ണുകളുള്ള ഒരു യുവതി പ്രത്യക്ഷപ്പെടുന്നു.

ക്രോണിൻ ഭവ്യമായി ചോദിച്ചു.

"അദ്ദേഹം ഇവിടെയില്ലേ?"

അവർ കണ്ണുകൾ മിഴിച്ച് കൈമലർത്തി.

"ആരാണ് താങ്കൾ?"

ക്രോണിൻ ശങ്കയില്ലാതെ പറഞ്ഞു.

"അദ്ദേഹം എന്റെ വളരെ വേണ്ടപ്പെട്ട ആളാ. ഇനി തിരിച്ചു പറഞ്ഞാലും തെറ്റില്ല."

അവരുടെ വരണ്ട കണ്ണുകൾ തിളങ്ങി. അവർ ചോദിച്ചു.

"എന്നിട്ടും അദ്ദേഹം പോയത് താങ്കൾ അറിഞ്ഞില്ലേ...?" അവർ വിരലുകൾ ആകാശത്തേയ്ക്കു ചൂണ്ടി. കണ്ണുകൾ നനയുന്നു. തൊണ്ട ഇടറുന്നു.

ക്രോണിൻ ഞെട്ടലോടെ കസേരയിലേക്കിരുന്നു. മുഖംപൊത്തി. ഒന്നു വിങ്ങി.

ഞെട്ടൽ മാറാൻ സമയമെടുത്തു. പതുക്കെ ചോദിച്ചു.

"എങ്ങനെ സംഭവിച്ചു?"

അവർ മുഖം പൊത്തി വിതുമ്പി

"ആ ചതുപ്പു നിലത്തു പൂഴ്ന്നു പോയി."

പിടയുന്ന നെഞ്ചോടെ ക്രോണിൻ ചതുപ്പുനിലത്തേയ്ക്കു നോക്കി നിശ്ശബ്ദനായി ഇരുന്നു. ഏറെ നേരം.

അനാഥമായ സമ്മാനപ്പൊതി മടിയിൽ നിന്നെടുത്ത് ഉയർത്തിക്കൊണ്ട് ചോദിച്ചു.

"അദ്ദേഹത്തിന്റെ മകൻ...?"

അവർ നിയന്ത്രണംവിട്ടു കരയാൻ തുടങ്ങി. രണ്ടു കൈകളും സ്വർഗ്ഗത്തിലേക്കുയർത്തി. "വിട്ടുപിരിയുമായിരുന്നില്ല അവർ. ഇങ്ങനൊരു അച്ഛനും മകനും. അതങ്ങനെ തന്നെയായി. ആ സന്ധ്യയിൽ അച്ഛനെ സഹായിക്കാൻ അവനും പോയി. പന്ത്രണ്ടുവയസ്സേ... ഇരുവരും വർത്തമാനം പറഞ്ഞു. നോക്കി നിന്നു ഞാൻ അഭിമാനത്തോടെ."

"അവനെ രക്ഷിക്കാൻ അദ്ദേഹമോ അദ്ദേഹത്തെ രക്ഷിക്കാൻ അവനോ ശ്രമിച്ചതാവണം. അവനും ആ കൂടെ... അദ്ദേഹം കൊണ്ടുപോയി..."

ക്രോണിൻ നെഞ്ചിൽ കൈവച്ചു. ആകാശത്തേയ്ക്കു നോക്കി. അവിടെ സ്വർഗ്ഗത്തിലേക്കുള്ള താക്കോൽ തെളിഞ്ഞുവരുന്നു. അദ്ദേഹം അറിയാതെ പറഞ്ഞു. ദി കീ ടു ഹെവൻ. സ്വർഗ്ഗത്തിലേക്കുള്ള താക്കോൽ. അതിലെ ആദ്യ വാക്കുകൾ എന്നപോലെ നെഞ്ചിലെഴുതി.

വാക്കല്ല മനസ്സ്
മനസ്സല്ല ശക്തി
ശക്തിയല്ല ജീവിതം
പിന്നെന്ത്?
അതാർക്കു പറയാനാകും.

**ഒടുക്കം**

ജീവിതം എന്ന സമസ്യയെ കഥയുടെ കൗശലങ്ങളിൽ ഒതുക്കിയ വചനവ്യാപാരികളെ കണ്ടാൽ എന്തുചെയ്യണം എന്നത് നമ്മളെല്ലാവരും കൂടി ഒന്നാലോചിച്ചു തീരുമാനിക്കണ്ടേ? ഒന്ന് ഒത്തുചേരണം. ഇനി ഏറെ താമസിക്കെണ്ടന്നല്ലേ? ■

*കഥ A.J. Croninന്റെ ബയോഗ്രഫിയിൽനിന്നും ശേഷം ഭാവനയിൽനിന്നും. Hatter's Castle (1931) അദ്ദേഹത്തിന്റെ ആദ്യ നോവൽ. The Key to Heaven രണ്ടാമത്തേതും.*